# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 684**     **09.02.2016-ൽ മറുപടിയ്ക്ക്**

## പട്ടികവർഗ്ഗക്കാർക്ക് കടാശ്വാസം

**ചോദ്യം**
**ശ്രീ.വി.ശിവൻകുട്ടി**

**മറുപടി**
**ശ്രീമതി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് കടാശ്വാസം നൽകുന്നതിനായി 2014-15 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബജറ്റിൽ 2 കോടി രൂപ വകയിരുത്തിയതു വിനിയോഗിച്ച് അൻപതിനായിരം രൂപ വരെയുള്ള എത്ര വായ്പകൾക്ക് കടാശ്വാസം നൽകിയെന്നും അത് ആർക്കൊക്കെ ആണെന്നുമുള്ള ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ? | എ) | പട്ടികവർഗ്ഗക്കാരുടെ കടമെഴുതിത്തള്ളുന്ന പദ്ധതി നടപ്പാക്കുന്നതിനായി സംസ്ഥാന ബജറ്റ് പ്രസംഗത്തിൽ 2 കോടി രൂപ വകയിരുത്തി യതായി പരാമർശിച്ചിരുന്നു. എന്നാൽ ടി തുക ബന്ധപ്പെട്ട കണക്കെഴുത്ത് ശീർഷകത്തിൽ ലഭ്യമായിരുന്നില്ല. പ്രസ്തുത തുക ലഭ്യമാക്കുന്ന തിനായി നടപടികൾ സ്വീകരിക്കുകയും ടി പദ്ധതി നടത്തിപ്പിനായി 01.10.2015 തീയതിയിലെ സ.ഉ(പി)നം.71/2015/ പജപവവിവ ഉത്തരവ് പ്രകാരം കടം എഴുതിതള്ളുന്നതിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പട്ടികവർഗ്ഗക്കാർ എടുത്ത വായ്പ സംബന്ധിച്ച വിശദ വിവരങ്ങൾ ശേഖരിച്ച് സൂക്ഷ്മ പരിശോധന നടത്തി വരികയാണ്. പട്ടികവർഗ്ഗക്കാരുടെ ഒരു ലക്ഷം രൂപവരെയുള്ള (മുതൽ + പലിശ) വായ്പ എഴുതിത്തള്ളുന്നതിനായി 22.01.2016-ലെ സ.ഉ(ആർ.ടി)നം.51/16 നമ്പർ ഉത്തരവ് പ്രകാരം ഈ സാമ്പത്തിക വർഷം 39.5241 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി വിവരങ്ങൾ ലഭ്യമാക്കി പദ്ധതി ഉടൻ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ